കെ. ജി. എസ്. ടി. പ്രകാരമുള്ള വിൽപ്പന നികുതി കുടിശ്ശിക

23 [486] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ജി. എസ്. ടി. പ്രകാരമുള്ള വിൽപ്പന നികുതി കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) 15-1-2006 വരെ എന്ത് തുക പിരിച്ചെടുത്തിട്ടുണ്ട്;

(സി) വാറ്റ് നടപ്പിലാക്കിയതിനുശേഷം കെ. ജി. എസ്. ടി. പ്രകാരമുള്ള വിൽപ്പന നികുതി കുടിശ്ശിക ഇനത്തിൽ എന്ത് തുക പിരിച്ചെടുത്തിട്ടുണ്ട്;

(ഡി) പ്രത്യേക സെറ്റിൽമെന്റ് സ്കീം നടപ്പിലാക്കിയതിന്റെ ഫലമായി എന്ത് തുക കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) കോടതി സ്റ്റേ ചെയ്ത കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(എഫ്) മൊത്തം എന്ത് തുകയുടെ കുടിശ്ശികയാണ് കോടതി സ്റ്റേ ചെയ്തിട്ട് ഉള്ളതെന്ന് പറയാമോ;

(ജി) ഇതിൽ 5 ലക്ഷത്തിനുമേൽ സ്റ്റേ ചെയ്തിട്ടുള്ള എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-12-2005-ലെ കണക്കനുസരിച്ച് കെ. ജി. എസ്. ടി. പ്രകാരമുള്ള വിൽപ്പന നികുതി കുടിശ്ശിക 2852.28 കോടി രൂപയാണ്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) പ്രത്യേക സെറ്റിൽമെന്റ് സ്കീം നടപ്പിലാക്കിയതിന്റെ ഫലമായി 2004 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി 23.15 കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) കോടതി സ്റ്റേ ചെയ്ത കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് പ്രസ്തുത കേസ്സുകൾ വേഗത്തിൽ തീർപ്പാക്കി കിട്ടുന്നതിനായി, പ്രത്യേകം ഗവൺമെന്റ് പ്ലീഡർമാരെ നിയോഗിച്ചിട്ടുണ്ട്. ജോയിന്റ് കമ്മീഷണർ (ലോ) യുടെ കീഴിൽ പ്രത്യേക വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. നികുതി കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി 2004 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പ്രത്യേക സെറ്റിൽമെന്റ് സ്കീം കൊണ്ടുവരികയും തൽഫലമായി നികുതി കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) 31-12-2005-ലെ കണക്കനുസരിച്ച് 733.80 കോടി രൂപയുടെ കുടിശ്ശിക കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

(ജി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly